# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

*(Under the Holy Apostolic See of Antioch and All the East)* **Reg. No. ER/308/07**

**Circular to All Sunday Schools and Co-workers**
**Website : www.mjssa.in**
**Email : mjssahq@gmail.com**

**MJSSA HEAD QUARTERS & CAMPSITE,**
**Puthencruz P.O., Ernakulam District,**
**Kerala state, Pin - 682 308,**
**Phone : 0484 - 2730150, 80781 57150 (Whatsapp)**
**General Secretary : 9446138868**


**Circular No.: M/C/05/ 2024**

**15-04-2024**

**കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,**

കുട്ടികളുടെ ആദ്ധ്യാത്മീക വളർച്ചയ്ക്കാവശ്യമായ വേദപുസ്തക മർമ്മങ്ങൾ, സഭാചരിത്രം, സത്യവിശ്വാസം, പാരമ്പര്യങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ എന്നിവ പഠിപ്പിക്കുന്നതിനോടൊപ്പം കലോത്സവത്തിലൂടെ കുട്ടികളുടെ നൈസർഗ്ഗീകവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനും MJSSA പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. MJSSA കലോത്സവം, അസ്സോസിയേഷന്റെ നിബന്ധനകളും നിർദ്ദേശങ്ങളും കൃത്യമായി പാലിച്ചുകൊണ്ട് ഒരു ഉത്സവമായിത്തന്നെ ഭംഗിയായും ചിട്ടയായും നടത്തുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

## എം.ജെ.എസ്.എസ്.എ. കലോത്സവം – 2024

### മത്സര വിഷയങ്ങളും വിഭാഗങ്ങളും

**1. സബ്ജൂണിയേഴ്സ് (SubJuniors) 8 വയസ് വരെ**
(2016 ജനുവരി 1 നോ അതിനു ശേഷമോ ജനിച്ചവർ)
1. പ്രസംഗം – 3 മിനിറ്റ്
   വിഷയം : കർത്താവ് എന്റെ ഇടയൻ.
2. സംഗീതം – മലയാളം – 3 മിനിറ്റ്
3. ആരാധനാഗീതം – മലയാളം – 3 മിനിറ്റ്

**2. ജൂണിയേഴ്സ് (Juniors) 9 മുതൽ 12 വയസ് വരെ**
(2012 ജനുവരി 1 നോ അതിനു ശേഷമോ ജനിച്ചവർ)
1. പ്രസംഗം – 4 മിനിറ്റ്
   വിഷയം : ക്രിസ്തീയ കുടുംബം.
2. സംഗീതം – മലയാളം – 3 മിനിറ്റ്
3. സംഗീതം – കന്നഡ – 3 മിനിറ്റ്
4. ആരാധനാഗീതം – സുറിയാനി – 3 മിനിറ്റ്
5. ആരാധനാഗീതം – മലയാളം – 3 മിനിറ്റ്
6. ആരാധനാഗീതം – കന്നഡ – 3 മിനിറ്റ്
7. തങ്കവാക്യം – മലയാളം
8. തങ്കവാക്യം – ഇംഗ്ലീഷ് *
9. ബൈബിൾ ടെസ്റ്റ് (വേദവാക്യം)

**3. സീനിയേഴ്സ് (Seniors) 13 മുതൽ 17 വയസ് വരെ**
(2007 ജനുവരി 1 നോ അതിനു ശേഷമോ ജനിച്ചവർ)
1. പ്രസംഗം – 5 മിനിറ്റ്
   വിഷയം: "നീ വിശ്വസിക്കുമെങ്കിൽ, നീ ദൈവത്തിന്റെ മഹത്വം കാണും" (വി.യോഹന്നാൻ.11 :40)
2. സംഗീതം – മലയാളം – 3 മിനിറ്റ്
3. സംഗീതം – കന്നഡ – 3 മിനിറ്റ്
4. ആരാധനാഗീതം – സുറിയാനി – 3 മിനിറ്റ്
5. ആരാധനാഗീതം – മലയാളം – 3 മിനിറ്റ്
6. ആരാധനാഗീതം – കന്നഡ – 3 മിനിറ്റ്
7. തങ്കവാക്യം – മലയാളം
8. തങ്കവാക്യം – ഇംഗ്ലീഷ് *, 9. ക്വിസ്സ്
10. ബൈബിൾ ടെസ്റ്റ് (വേദവാക്യം)

**4. പ്ലസ് വൺ, പ്ലസ് ടു ( Plus 1, Plus 2 )** JSSLC യുടെ തുടർച്ചയായി പ്ലസ് 1 ലും, പ്ലസ് 1 ന്റെ തുടർച്ചയായി പ്ലസ് 2 വിലും ചേർന്ന് പഠിക്കുന്നവർക്കു മാത്രമേ മത്സരത്തിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളു. പ്ലസ് 1, പ്ലസ് 2 കുട്ടികൾ സീനിയർ വിഭാഗത്തിൽ ഉൾപ്പെടുന്നതല്ല.
1. ക്വിസ്സ്
2. പ്രസംഗം – 5 മിനിറ്റ്
   വിഷയം : മാറുന്ന ലോകവും ദൈവ വിശ്വാസവും.
3. സംഗീതം – 3 മിനിറ്റ്

**5. അദ്ധ്യാപകർ (Teachers') – ക്വിസ്സ്**

### മത്സരങ്ങൾ സംബന്ധിച്ച് നിബന്ധനകൾ

1. എം.ജെ.എസ്.എസ്.എ. കലോത്സവ മത്സരങ്ങൾ വിവിധ തലങ്ങളിൽ
   **a) സൺഡേസ്കൂൾതലം – 2024 ജൂലൈ 31 – ന് മുമ്പ്** ഹെഡ്മാസ്റ്ററുടെ ചുമതലയിലും
   **b) ഡിസ്ട്രിക്റ്റ്തലം – 2024 ആഗസ്റ്റ് 31 – ന് മുമ്പ്** ഇൻസ്പെക്ടറുടെ ചുമതലയിലും
   **c) സോൺ/ഭദ്രാസനതലം – 2024 സെപ്റ്റംബർ 30–ന് മുമ്പ്** ഡയറക്ടറുടെ ചുമതലയിലും നടത്തേണ്ടതാണ്.
   **d) അഖില മലങ്കരതലം – 2024 ഒക്ടോബർ 12 ശനിയാഴ്ച** കേന്ദ്ര ആസ്ഥാനത്ത് വച്ച്
   (**12.10.2024 രാവിലെ 9.30 ന്** മത്സരങ്ങൾ ആരംഭിക്കുന്നതാണ്. ഉദ്ഘാടന സമ്മേളനം ഉണ്ടായിരിക്കുന്നതല്ല.)
2. സബ്ജൂണിയർ, ജൂണിയർ, സീനിയർ, പ്ലസ് വൺ, പ്ലസ് ടു വിഭാഗങ്ങളുടെ എല്ലാ നിബന്ധനകളും കർശനമായി പാലിക്കേണ്ടതാണ്.
3. **വയസ്സ് മാനദണ്ഡമാക്കിയാണ്** സബ്ജൂണിയർ, ജൂണിയർ, സീനിയർ വിഭാഗങ്ങൾ തിരിക്കുന്നത് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. **മത്സരാർത്ഥികളുടെ ജനനതീയതി കലോത്സവ ലിസ്റ്റിൽ കൃത്യമായി എഴുതുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.**
4. JSSLC യുടെ തുടർച്ചയായി **പ്ലസ് 1** ലും, **പ്ലസ് 1** ന്റെ തുടർച്ചയായി **പ്ലസ് 2** വിലും ചേർന്ന് പഠിക്കുന്നവർക്കു മാത്രമേ മത്സരത്തിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളു. **പ്ലസ് 1, പ്ലസ് 2** കുട്ടികൾ സീനിയർ വിഭാഗത്തിൽ ഉൾപ്പെടുന്നതല്ല.
5. ഡിസ്ട്രിക്റ്റ്, സോൺ, ഭദ്രാസന, കേന്ദ്ര മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികളോടൊപ്പം ചുമതലപ്പെട്ട അദ്ധ്യാപകർ (EscortingTeachers) ഉണ്ടായിരിക്കേണ്ടതാണ്.

*മറുപുറം*

6. ഓരോ തലത്തിലും മത്സരങ്ങൾ നടന്നു കഴിഞ്ഞാൽ **തൊട്ടടുത്ത ദിവസം തന്നെ** ലിസ്റ്റ് മേൽഘടകത്തിൽ ഏല്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ലിസ്റ്റ് ബന്ധപ്പെട്ടവർക്ക് ലഭിക്കാതെ വന്നാൽ ആ സൺഡേ സ്കൂളിലെ / ഡിസ്ട്രിക്റ്റിലെ / സോണിലെ/ ഭദ്രാസനത്തിലെ കുട്ടികൾക്ക് മുകൾ തലങ്ങളിൽ നടക്കുന്ന മത്സരങ്ങളിൽ പങ്കെടുക്കുവാൻ കഴിയുന്നതല്ല.

7. **സംഗീതം, പ്രസംഗം, ആരാധനാഗീതം എന്നിവ പ്രത്യേകം പ്രത്യേകം വേദികളിൽ നടത്തേണ്ടതാണ്.**

8. MJSSA **സർക്കുലറിലെ നിർദ്ദേശം അനുസരിച്ചു നടത്തുന്ന ഇനങ്ങൾക്കു മാത്രമെ സൺഡേസ്കൂൾ, ഡിസ്ട്രിക്റ്റ്, സോൺ/ ഭദ്രാസനതലങ്ങളിൽ പോയിന്റ് കണക്കാക്കുവാൻ പാടുള്ളു.**

9. **കലാപ്രതിഭാ/ കലാതിലകം**

MJSSA കലോത്സവത്തിൽ ഓരോ വിഭാഗവും ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന കുട്ടികളെ കലാപ്രതിഭ/ കലാതിലകമായി തിരഞ്ഞെടുക്കുന്നതാണ്. ഏതെങ്കിലും ഒരു വ്യക്തിഗത മത്സരത്തിന് ഒരു 'എ' ഗ്രേയിഡും കൂടാതെ ഏതെങ്കിലും ഒരു വ്യക്തിഗത മത്സരത്തിന് ആദ്യ മൂന്ന് സ്ഥാനങ്ങളിൽ (1,2,3)ഏതെങ്കിലും ഒരു സ്ഥാനവും നിർബന്ധമായും ആ കുട്ടിക്ക് ഉണ്ടായിരിക്കണം. തുല്യപോയിന്റ് വന്നാൽ ഗ്രൂപ്പ് ഐറ്റത്തിന്റെ പോയിന്റ് കൂടെ കണക്കാക്കുന്നതാണ്.

10. **കലോത്സവം - ബെസ്റ്റ് സൺഡേസ്കൂൾ, ഡിസ്ട്രിക്റ്റ്, സോൺ/ഭദ്രാസനം**

ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന സൺഡേസ്കൂളിനെ, ഡിസ്ട്രിക്റ്റിനെ, സോണിനെ/ഭദ്രാസനത്തിനെ തിരഞ്ഞെടുക്കുമ്പോൾ ഏതെങ്കിലും ഒരു ഐറ്റത്തിന് 'എ' ഗ്രേഡും ഒരു ഐറ്റത്തിന് ആദ്യ മൂന്ന് സ്ഥാനങ്ങളിൽ ഒന്ന് (1,2,3) എന്നിവ നിർബന്ധമായി ഉണ്ടായിരിക്കണം. **കേരളത്തിന് വെളിയിലുള്ള വിവിധ മേഖലയിലുള്ള സൺഡേസ്കൂൾ ഉൾപ്പെടുത്തി ഡയറക്ടറേറ്റ് അടിസ്ഥാനത്തിലാണ് മത്സരത്തിന് പരിഗണിക്കുകയുള്ളു.**

11. **തങ്കവാക്യമത്സരം**

(a) തങ്കവാക്യമത്സരത്തിന് അസ്സോസിയേഷൻ 2019ൽ പ്രസിദ്ധീകരിച്ചിരിക്കുന്ന **"വി.ഗ്രന്ഥത്തിൽ നിന്നും തിരഞ്ഞെടുത്ത തങ്കവാക്യങ്ങൾ"** എന്ന പുസ്തകം ഉപയോഗിക്കേണ്ടതാണ്.

(b) ജൂനിയർ വിഭാഗത്തിൽ തങ്കവാക്യപുസ്തകത്തിലെ **ഒന്നാം ഭാഗത്ത് നിന്ന് 01 മുതൽ 250 വരെ** വാക്യങ്ങളിൽ നിന്നുമായിരിക്കും ചോദ്യങ്ങൾ ഉണ്ടായിരിക്കുക.

(c) സീനിയർ വിഭാഗത്തിന് **രണ്ടാം ഭാഗത്ത് നിന്നും 01 മുതൽ 350 വരെ** വാക്യങ്ങളിൽ നിന്നുമായിരിക്കും ചോദ്യങ്ങൾ ഉണ്ടായിരിക്കുക.

(d) കേരളത്തിന് പുറമെയുള്ള ഡയക്ടറേറ്റ്/ഭദ്രാസനത്തിൽ നിന്ന് രജിസ്റ്റർ ചെയ്യുന്ന ജൂണിയർ വിഭാഗത്തിന് തങ്കവാക്യപുസ്തകത്തിലെ ഇംഗ്ലീഷ് പരിഭാഷയിൽ നിന്നും **01** മുതൽ **150** വരെയുള്ള വാക്യങ്ങളിൽ ഉള്ള ചോദ്യങ്ങൾ മാത്രമെ ഉണ്ടായിരിക്കുകയുള്ളു. സീനിയർ വിഭാഗത്തിന് ഇംഗ്ലീഷ് പരിഭാഷയിലെ മുഴുവൻ ഭാഗത്തു നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

(e) ചോദ്യപേപ്പർ തയ്യാറാക്കുന്ന വിധം - സമയം 30 മിനിറ്റ് 50 മാർക്ക്

(I) പൂരിപ്പിക്കുക - 20 എണ്ണം, (പൂരിപ്പിക്കേണ്ട വാക്കുകൾ മാത്രം എഴുതിയാൽ മതി) സീനിയേഴ്സിന് ഒന്നിൽ കൂടുതൽ വാക്കുകൾ പൂരിപ്പിക്കുവാൻ ആവശ്യപ്പെടാം.

(II) വാക്യം എഴുതുക - 10 എണ്ണം

(III) പുസ്തകം, അദ്ധ്യായം, വാക്യം എന്നിവ എഴുതുക - 20 എണ്ണം

(f) പൂർണ്ണമായും ശരിയായ ഉത്തരങ്ങൾക്ക് മാത്രമെ മാർക്ക് നൽകുകയുള്ളു.

**"വാക്യം എഴുതുക"** എന്ന വിഭാഗത്തിൽ ജൂനിയർ വിഭാഗത്തിന് 01 മുതൽ 75 വരെയുള്ള വാക്യങ്ങളിൽ നിന്നും, സീനിയർ വിഭാഗത്തിന് 01 മുതൽ 150 വരെയുള്ള വാക്യങ്ങളിൽ നിന്നുമായിരിക്കും ചോദ്യങ്ങൾ ഉണ്ടായിരിക്കുക. ബാക്കി പഠന ഭാഗങ്ങൾ മുൻവർഷങ്ങളിലെ പോലെ ജൂനിയർ വിഭാഗം 01 മുതൽ 250 വരെ വാക്യങ്ങളിൽ നിന്നും സീനിയർ വിഭാഗം 01 മുതൽ 350 വരെയുള്ള വാക്യങ്ങളിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

12. *** തങ്കവാക്യമത്സരം (ഇംഗ്ലീഷ്) കേരളത്തിന് പുറമെയുള്ള ഡയക്ടറേറ്റ്/ഭദ്രാസനങ്ങളിൽ നിന്ന് രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്ക് മാത്രമായിരിക്കും.**

13. **ബൈബിൾ ടെസ്റ്റ് (വിശുദ്ധഗ്രന്ഥം)**

(a) എട്ടോ അതിൽ താഴെയോ കുട്ടികൾ മാത്രം പങ്കെടുക്കുന്നതെങ്കിൽ മത്സരിക്കുന്ന കുട്ടികൾക്ക് എല്ലാവർക്കും 45 മാർക്കും ഗ്രേസ് മാർക്കും വായിക്കുന്ന വാക്യത്തിന് 5 മാർക്കും വീതം നൽകുക.

eg. 1. 5x5+45=70 A grade അഞ്ച് വാക്യം വായിച്ചാൽ
2. 3x5+45=60 B grade മൂന്ന് വാക്യം വായിച്ചാൽ
3. 1x5+45=50 C grade ഒരു വാക്യം വായിച്ചാൽ

(b)ബൈബിൾ ടെസ്റ്റ് മത്സരത്തിൽ 8 ൽ അധികം മത്സരാർത്ഥികൾ ഉണ്ടെങ്കിൽ '2' ഗ്രൂപ്പായും 16 ൽ അധികം മത്സരാർത്ഥികൾ ഉണ്ടെങ്കിൽ 3 ഗ്രൂപ്പായും തിരിച്ച്, 15 വാക്യങ്ങൾ ഉൾപ്പെടുത്തി പ്രാഥമിക റൗണ്ട് മത്സരം നടത്തേണ്ടതാണ്. ടി പ്രാഥമിക റൗണ്ടിൽ നിന്നും 1,2 സ്ഥാനങ്ങൾ ലഭിക്കുന്ന മുഴുവൻ മത്സരാർത്ഥികളെയും ഉൾപ്പെടുത്തി ഫൈനൽ റൗണ്ട് നടത്തേണ്ടതും **(പ്രാഥമിക റൗണ്ടിൽ ടൈ ബ്രേക്ക് ഉണ്ടായിരിക്കുന്നതല്ല)** ഫൈനൽ റൗണ്ടിൽ 20 (വാക്യങ്ങൾ) ചോദ്യങ്ങൾ ഉൾപ്പെടുത്തി മത്സരം നടത്തേണ്ടതുമാണ്.

eg. 1. 5x5+45=70 A grade അഞ്ച് വാക്യം വായിച്ചാൽ
2. 5x3+45=60 B grade മൂന്ന് വാക്യം വായിച്ചാൽ
3. 5x1+45=50 C grade ഒരു വാക്യം വായിച്ചാൽ

സോൺ/ഭദ്രാസന മത്സരത്തിലെ ഫൈനൽ റൗണ്ടിൽ 1,2,3 സ്ഥാനങ്ങളിലേക്ക് ടൈ ബ്രേക്ക് കൂടാതെ വിജയികളെ പ്രഖ്യാപിച്ച് സമ്മാനങ്ങൾ നൽകേണ്ടതും എന്നാൽ ഒന്നിലധികം ഒന്നാം സ്ഥാനങ്ങൾ വരികയാണെങ്കിൽ കേന്ദ്രതലത്തിലേക്ക് ഒരാൾക്ക് അവസരം ലഭിക്കുന്നതിനായി **5** വാക്യങ്ങൾ ഉപയോഗിച്ച് ടൈ ബ്രേക്ക് നടത്തേണ്ടതുമാണ്.

**കേന്ദ്രതലത്തിൽ ബൈബിൾ ടെസ്റ്റ് മത്സരത്തിൽ ഫൈനൽ റൗണ്ടിൽ ടൈ ബ്രേക്ക് ഉണ്ടായിരിക്കുന്നതല്ല.**

14. **ആരാധനാഗീത മത്സരം**

എം.ജെ.എസ്.എസ്.എ. 2019 ൽ പ്രസിദ്ധീകരിച്ച തിരഞ്ഞെടുത്ത ആരാധനാഗീതങ്ങൾ എന്ന പുസ്തകത്തിൽ നിന്നുള്ള ഗീതങ്ങൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. 2019 ൽ പരിഷ്ക്കരിച്ച പുസ്തകത്തിലെ ഗീതങ്ങൾ മൂന്ന് ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. അതിൽ ഒന്നാം ഭാഗം മാത്രമാണ് **ഈ വർഷം (2024 ൽ) ഉപയോഗിക്കേണ്ടത് –** 28 മലയാളം ഗീതങ്ങൾ – ജനനപ്പെരുന്നാൾ (18), ദനഹ (1), വി.മാമ്മോദീസ (3) വി.വിവാഹം (5) രോഗികളുടെ തൈലാഭിഷേകം (1) 19 സുറിയാനി ഗീതങ്ങൾ – ജനനപ്പെരുന്നാൾ 16, വിവാഹം 3 **മാത്രം.** ഓരോ ഗീതവും അതാതു ശുശ്രൂഷകൾക്ക് പരി.സഭ നിഷ്കർഷിച്ചിരിക്കുന്ന രാഗങ്ങളിൽ (നിറം) മാത്രം ആലപിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. നിർബന്ധമായും നിറത്തിൽ ആലപിക്കേണ്ട ഗീതങ്ങളുടെ നിറം 2019 ൽ MJSSA പ്രസിദ്ധീകരിച്ച തിരഞ്ഞെടുത്ത ആരാധനാഗീതങ്ങൾ എന്ന പുസ്തകത്തിൽ പ്രത്യേകം ചേർത്തിട്ടുണ്ട്. 2 ഖണ്ഡികയോ അതിലധികമോ ഉള്ള ഗീതങ്ങൾ യഥാക്രമം 3 മിനിറ്റിൽ അവസാനിപ്പിക്കുന്ന രീതിയിൽ ഉപയോഗിക്കാവുന്നതാണ്. ആരാധനാഗീതമത്സരത്തിലെ ഒരു ടീം ഒന്നിലധികം ഗീതങ്ങൾ പാടുവാൻ പാടുള്ളതല്ല.

15. **ആരാധനാഗീതം (കന്നട), സംഗീതം (കന്നട) എന്നിവ കർണ്ണാടകത്തിൽ നിന്നുള്ള കുട്ടികൾക്കു മാത്രമായിരിക്കും.**

16. **ക്വിസ്സ് മത്സരം**

ക്വിസ്സ് മത്സരത്തിൽ **രണ്ട് പേരടങ്ങുന്നതാണ് ഒരു ടീം. പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന ടീമിലെ ഒരംഗത്തിന് പങ്കെടുക്കുവാൻ സാധിക്കാതെ വന്നാൽ മറ്റെ വ്യക്തിക്ക് ഒറ്റക്ക് മത്സരിക്കാവുന്നതാണ്. എന്നാൽ പകരം മറ്റൊരാളെ ചേർക്കുവാൻ പാടില്ലാത്തതാകുന്നു.**

സീനിയർ, പ്ലസ് 1, പ്ലസ്സ് 2, അദ്ധ്യാപക വിഭാഗങ്ങളുടെ ക്വിസ്സ് മത്സരത്തിന് ചോദ്യങ്ങൾ വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ളതായിരിക്കും.

ക്വിസ്സ് മത്സരത്തിന്റെ ഫൈനൽ റൗണ്ട് മത്സരത്തിലേക്ക് '10' ൽ കൂടുതൽ ടീമുകൾ ഉണ്ടെങ്കിൽ പ്രാഥമികതല എഴുത്ത് പരീക്ഷ നടത്തി അതിൽനിന്നും ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന '8' ടീമിനെ ഫൈനൽ റൗണ്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഒരേമാർക്ക് വാങ്ങി 8 ൽ കൂടുതൽ ടീമുകൾ വന്നാൽ അവർക്ക് വീണ്ടും 7 ചോദ്യംകൂടി നൽകി '8' ടീം മാത്രമാക്കി നിജപ്പെടുത്തേണ്ടതാണ്. പ്രാഥമിക എഴുത്ത്പരീക്ഷയുടെ ചോദ്യങ്ങൾ താഴെ പറയുംവിധം തയ്യാറാക്കേണ്ടതാണ്.

| | |
|---|---|
| **പഴയ നിയമം/ അപ്പോക്രീഫാ** | **– 5 മാർക്ക്** |
| **പുതിയ നിയമം** | **– 5 മാർക്ക്** |
| **സഭാചരിത്രം** | **– 5 മാർക്ക്** |
| **വിശ്വാസ സത്യങ്ങൾ/ ആരാധന** | **– 5 മാർക്ക്** |
| **ആത്മദീപം ചോദ്യോത്തരപംക്തിയിൽ നിന്ന്** | **– 5 മാർക്ക്** |
| **ആകെ** | **– 25 മാർക്ക്** |

**ആത്മദീപം**

| | |
|---|---|
| **സൺഡേസ്കൂൾതലം** | – 2024 മാർച്ച് മുതൽ 2024 ജൂൺ വരെ |
| **ഡിസ്ട്രിക്റ്റ്തലം** | – 2024 മാർച്ച് മുതൽ 2024 ജൂലൈ വരെ |
| **സോൺ/ഭദ്രാസനതലം** | – 2024 മാർച്ച് മുതൽ 2024 ആഗസ്റ്റ് വരെ |
| **കേന്ദ്രതലം** | – 2024 മാർച്ച് മുതൽ 2024 സെപ്റ്റംബർ വരെ |

പ്രാഥമിക റൗണ്ടിൽ നിന്ന് ഫൈനൽ റൗണ്ടിലേക്ക് പ്രവേശിക്കുന്ന എല്ലാ ടീമിനും പ്രാഥമിക റൗണ്ട് എഴുത്തു പരീക്ഷയിൽ ലഭിച്ച മാർക്ക്, ഫൈനൽ റൗണ്ടിലേയ്ക്ക് കൂട്ടിച്ചേർക്കുന്നതും തുടർന്ന് ഫൈനൽ റൗണ്ടിൽ ലഭിക്കുന്ന മാർക്ക്, ഇതിനോട് ചേർത്ത് പരിഗണിക്കുന്നതുമാണ്.

**ക്വിസ്സ് മത്സരത്തിനുള്ള 5 റൗണ്ടുകൾ**

1. പഴയ നിയമം
2. പുതിയ നിയമം
3. സഭചരിത്രം ഒന്നാം നൂറ്റാണ്ട് മുതൽ രണ്ടാം സിറിയൻ കുടിയേറ്റം വരെ

( **1. സുറിയാനി സഭാ ചരിത്രം.** (പരി. ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ)
**2. മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം** (പുകടിയിൽ ഇട്ടൂപ്പ് റൈറ്റർ) എന്നീ പുസ്തകങ്ങൾ റഫറൻസിനായി ഉപയോഗിക്കാവുന്നതാണ്.)

**(മുൻ സർക്കുലറിൽ സൂചിപ്പിച്ചിരുന്ന മോർ തോമാശ്ലീഹായുടെ ഇന്ത്യൻ സഭ (ഇ.എം.ഫിലിപ്പ്.) എന്ന പുസ്തകം ആവശ്യത്തിന് വിപണിയിൽ ലഭ്യമല്ലാത്തതുകൊണ്ട് മേൽപ്പറഞ്ഞിരിക്കുന്ന പുസ്തകം റഫറൻസിനായി ഉപയോഗിക്കേണ്ടതാണ്.)**

4. സത്യവിശ്വാസങ്ങൾ / വി. ആരാധന / വി. കൂദാശകൾ
5. റാപ്പിഡ് റൗണ്ട് വി.സഭ സംബന്ധിച്ചുള്ള സമകാലീനം (2 മാർക്ക്), ആത്മദീപം (2 മാർക്ക്), സഭാ പിതാക്കന്മാർ (2 മാർക്ക്), 5 മുതൽ 12 വരെയുള്ള സൺഡേസ്കൂൾ പുസ്ത്കം (4 മാർക്ക്)

വി.ഗ്രന്ഥത്തെ **5** ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. അതിൽ നിന്നും ഒന്നാം വർഷത്തേക്കു നിശ്ചയിച്ചിട്ടുള്ള വി.ഗ്രന്ഥ ഭാഗത്തു നിന്നും മാത്രം ചോദ്യങ്ങൾ ഉൾപ്പെടുത്തണം.

**വി.ഗ്രന്ഥത്തിൽ നിന്ന് 2024 വർഷത്തെ കലോത്സവത്തിലേക്കുള്ള ഭാഗങ്ങൾ (ഒന്നാം വർഷം)**

a. പഴയനിയമം – ആദ്യപുസ്തകം, യോശുവ, ന്യായാധിപന്മാർ, 1 രാജക്കന്മാർ, 2 ശമുവേൽ, സക്കറിയ, ആമോസ്, സെഫന്യ

b. ഇതര കാനോനിക ഗ്രന്ഥങ്ങൾ – ബാർ ആസീറേ

c. പുതിയനിയമം – വിശുദ്ധ യോഹന്നാന്റെ സുവിശേഷം, 1 കൊരിന്ത്യർ, കൊലോസ്യർ, 1 പത്രോസ്, 2 യോഹന്നാൻ

സോൺ/ഭദ്രാസന മത്സരത്തിലെ ഫൈനൽ റൗണ്ടിൽ 1,2,3 സ്ഥാനങ്ങളിലേക്ക് ടൈ ബ്രേക്ക് കൂടാതെ വിജയികളെ പ്രഖ്യാപിച്ച് സമ്മാനങ്ങൾ നൽകേണ്ടതും എന്നാൽ ഒന്നിലധികം ഒന്നാം സ്ഥാനങ്ങൾ വരികയാണെങ്കിൽ കേന്ദ്രതലത്തിലേക്ക് ഒരു ടീമിന് അവസരം ലഭിക്കുന്നതിനായി റാപ്പിഡ് റൗണ്ടിലേ പോലെ 2 മാർക്കിന്റെ 5 ചോദ്യങ്ങൽ ചോദിച്ച് കേന്ദ്രതല മത്സരാർത്ഥിയെ നിശ്ചയിക്കേണ്ടതുമാണ്.

**കേന്ദ്രതലത്തിൽ ക്വിസ്സ് മത്സരത്തിൽ ഫൈനൽ റൗണ്ടിൽ ടൈബ്രേക്ക് ഉണ്ടായിരിക്കുന്നതല്ല.**

17. എം.ജെ.എസ്.എസ്.എ. കലോത്സവത്തിൽ **സോൺ/ ഭദ്രാസന**തലത്തിലുള്ള മത്സരങ്ങളിൽ വരെ **ഒന്നും രണ്ടും സ്ഥാനം** ലഭിക്കുന്ന **കുട്ടികൾക്ക് / ടീമുകൾക്ക്** പങ്കെടുക്കാവുന്നതാണ്. **സോൺ/ഭദ്രാസനതലത്തിൽ ഒന്നാം സ്ഥാനം** ലഭിക്കുന്ന **കുട്ടിക്ക് / ഒരു ടീംന് മാത്രമേ അഖില മലങ്കര** കലോത്സവത്തിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

*മറുപുറം*

18. മുകൾ ഘടകങ്ങളിലേയ്ക്കയക്കുന്ന കലോത്സവലിസ്റ്റ് രണ്ട് കോപ്പികൾവീതം ഉണ്ടായിരിക്കേണ്ടതാണ്. **സോൺ/ഭദ്രാസന** വിജയികളുടെ ലിസ്റ്റ് ഈമെയിൽ ചെയ്യുന്നത് വളരെ സൗകര്യപ്രദമായിരിക്കും.(email- mjssahq@gmail.com)

19. അഖില മലങ്കര ക്വിസ്സ് മത്സരത്തിൽ സീനിയർ വിഭാഗത്തിലെ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം ലഭിക്കുന്ന ടീമുകൾക്ക് യഥാക്രമം 2500/-, 1500/-, 1000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നതാണ്.

20. എം.ജെ.എസ്.എസ്.എ. കലോത്സവം നടത്തുന്നതിനാവശ്യമായ എല്ലാ ഫോമുകളും ഹെഡ്ക്വാർട്ടേഴ്സിൽ ലഭ്യമാണ്.

21. മത്സരങ്ങൾ ക്രമമായും ചിട്ടയായും നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുന്നതിനും മത്സരാർത്ഥികളുടെ പേരു വിവരങ്ങൾ കൃത്യസമയത്ത് തന്നെ അയക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാനും ബന്ധപ്പെട്ട ഭാരവാഹികളെ ഒരിക്കൽ കൂടെ പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

22. കലോത്സവനടത്തിപ്പുമായി എന്തെങ്കിലും സംശയങ്ങൾ ഉണ്ടാകുന്ന പക്ഷം മേൽഘടകങ്ങളിലെ ഭാരവാഹികളുമായി ബന്ധപ്പെട്ട് ആയത് പരിഹരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

23. എം.ജെ.എസ്.എസ്.എ. കലോത്സവത്തിൽ സംബന്ധിക്കുന്നവരിൽ ഭക്ഷണം ആവശ്യമുള്ളവരുടെ എണ്ണം കലോത്സവത്തിന്റെ ലിസ്റ്റിനോടൊപ്പം നൽകുവാൻ ശ്രദ്ധിക്കുമല്ലോ.

24. **പ്ലസ് വൺ, പ്ലസ് ടൂ**

2024 മുതൽ പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്ക് നിലവിലുള്ള പ്രസംഗം, ക്വിസ്സ് മത്സരങ്ങൾക്കൊപ്പം സംഗീത മത്സരം കൂടി ഉണ്ടായിരിക്കുന്നതാണ്

25. **കലോത്സവലോഗോ**

2024 കലോത്സവം കൂടുതൽ വർണ്ണാഭമാക്കുന്നതിന് സൺഡേസ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ലഭിച്ച കലോത്സവലോഗോ വിജയിക്ക് കേന്ദ്രതല മത്സരവേദിയിൽ വെച്ച് സമ്മാനം നൽകുന്നതാണ്.

26. **ട്രോഫികൾ**

എം.ജെ.എസ്.എസ്.എ.കലോത്സവത്തിൽ മുൻ വർഷം (2023-ൽ) സമ്മാനാർഹരായി എവറോളിംഗ് ട്രോഫികൾ കരസ്ഥമാക്കി കൊണ്ടുപോയിരിക്കുന്നവർ 30.06.2024 ന് മുൻപ് എം.ജെ.എസ്.എസ്.എ. കേന്ദ്രഓഫീസിൽ തിരിച്ചേൽപ്പിക്കണം.

**നടപ്പിലാക്കുന്ന പുതിയമാറ്റങ്ങൾ എല്ലാവരും ശ്രദ്ധയോടുകൂടി മനസ്സിലാക്കി ഒരോ തലങ്ങളിലും മത്സരങ്ങൾ നടത്തേണ്ടതാണ്.**

എം.ജെ.എസ്.എസ്.എ. പ്രസിദ്ധീകരിച്ച മാനുവലിൽ ചേർത്തിരിക്കുന്ന കലോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ മത്സര നിയമങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ 09.03.2024 ൽ ചേർന്ന കേന്ദ്രകമ്മിറ്റി ചർച്ച ചെയ്ത് തീരുമാനിച്ച മാറ്റങ്ങൾ ഈ സർക്കുലർ വഴി അറിയിക്കുന്നു. പുതിയ മാറ്റങ്ങൾ അനുസരിച്ച് കലാമത്സരങ്ങൾ നടത്തേണ്ടതാണ്.

കർത്താവിൽ എളിയ ശുശ്രൂഷകർ



**പി.വി. ഏലിയാസ്**
**ജനറൽ സെക്രട്ടറി**
**9446138868, 9526870749**



**ടി.വി. സജീഷ്**
**സെക്രട്ടറി**
**9447640561**